(ബി) ടാങ്കറുകളിൽ വരൾച്ചാകാലത്ത് വിതരണം ചെയ്യുവരുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ അതാത് പ്രൈമറി ഹെൽത്ത് സെന്ററുകളിലെ മെഡിക്കൽ ഓഫീസർ വാട്ടർ സാമ്പിളുകളുടെ രാസ, ഭൗതിക, ബാക്ടീരിയോളജി പരിശോധനകൾ നടത്തി പരിശോധനാ റിപ്പോർട്ട് അയച്ചുതരുന്നുണ്ട്. ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം നിശ്ചിത എണ്ണം വാട്ടർ സാമ്പിളുകൾ സൗജന്യമായി പരിശോധന നടത്തിവരുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം വിവിധ ശുദ്ധീകരണശാലകളിലെ ഗുണനിലവാര പരിശോധനാലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് വിതരണം ചെയ്യുന്നത്. കൂടാതെ ഇപ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ സാമ്പിളുകളിൽ ശേഖരിച്ച് ഗുണനിലവാര പരിശോധനാ ലാബുകളിൽ ഇന്ത്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്ന രീതിയിൽ ഗുണനിലവാര പരിശോധന നടത്തി ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചുവരുന്നു.

ഇപ്രകാരം പ്രവർത്തിക്കുന്ന 14 ജില്ലാതല ലാബുകളും എറണാകുളം ജില്ലയിലെ നെട്ടൂരിൽ ഒരു സംസ്ഥാന ലാബും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വെള്ളത്തിന്റെ ഉപഭോഗം നിയന്ത്രിക്കുന്നതിന് ബൾക്ക് കൺസ്യൂമേഴ്സിന് കണക്ഷൻ നൽകുമ്പോൾ തന്നെ നിശ്ചിത തോതിൽ കൂടുകയില്ലെന്ന് എഗ്രിമെന്റ് വയ്ക്കാറുണ്ട്. ഇത്തരം ഉപഭോക്താക്കളുടെ ജല ഉപഭോഗം നിരീക്ഷിക്കുന്നുമുണ്ട്. ജലചൂഷണം തടയുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു.

കായംകുളം ദേശീയ ജലപാത

191 (2471) <u>ശ്രീ. സി. കെ സദാശിവൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ടൂറിസം പദ്ധതി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കായംകുളം ദേശീയ ജലപാതയിൽ നിന്നും ഡി.റ്റി.പി.സി. അമിനിറ്റി സെന്റർവരെയുള്ള ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിക്ക് എന്നാണ് കരാർ നൽകിയതെന്നും എത്ര കി.മി. നീളത്തിലും വീതിയിലും ആണ് ഉപജലപാത വീണ്ടെടുക്കുന്നതിള്ള ഡ്രഡ്ജിംഗ് നടത്തുന്നത് എന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡ്രഡ്ജിംഗ് നടത്തുന്ന ഭാഗത്ത് കരിമണൽ ഉണ്ട് എന്ന വാദത്തിൽ എന്തെങ്കിലും കഴമ്പുണ്ടോയെന്നും ഏതെങ്കിലും ഏജൻസികൾ ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആ റിപ്പോർട്ടിന്റെ ഉള്ളടക്കം എന്തെന്നും വിശദമാക്കാമോ;

(സി) കരാർ ഏറ്റെടുത്ത കമ്പനി ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട് പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്നും ഇത് കരാറുകാർ പൂർണ്ണമായി പാലിക്കുന്നുണ്ടോ എന്നും ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്തെന്നും ഈ പദ്ധതി പൂർണ്ണതയിൽ എത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം ടൂറിസം പദ്ധതി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി കായംകുളം ദേശീയ ജലപാതയിൽ നിന്നും ഡി.റ്റി.പി.സി. അമിനിറ്റി സെന്റർ വരെയുള്ള ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തിക്കുവേണ്ട കരാർ 2014 നവംബർ 21-ാം തീയതി നൽകുകയും അതുപ്രകാരം 4 കിലോമീറ്റർ നീളത്തിലും ശരാശരി 40 മീറ്റർ വീതിയിലും ഡ്രഡ്ജിംഗ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഡ്രഡ്ജിംഗ് നടത്തുന്ന ഭാഗത്തെ കരിമണലിന്റെ സാന്നിദ്ധ്യത്തെ കുറിച്ച് ഈ ഭാഗത്തുനിന്ന് എടുത്ത മണലിന്റെ സാമ്പിളുകൾ M/s. IREL, M/s. KMML എന്നീ പൊതുമേഖലാ സ്ഥാപനങ്ങളും അറ്റോമിക് എനർജി വകുപ്പിന്റെ കീഴിലുള്ള ലാബും പരിശോധന നടത്തുകയും പ്രസ്തുത പരിശോധനാ റിപ്പോർട്ട് ആലപ്പുഴ ജില്ലാ കളക്ടർക്ക് നൽകുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതിന് 2015 ഫെബ്രുവരി 27-ന് കൂടിയ യോഗത്തിൽ മൂന്ന് സ്ഥാപനങ്ങളുടെയും സാമ്പിൾ പരിശോധനാഫലം എല്ലാം സാമ്യമുള്ളതും ഹെവി മിനറൽസിന്റെ ഏറ്റവും കൂടിയ സാന്നിദ്ധ്യം 7.8 എന്നും കണ്ടെത്തുകയുണ്ടായി.

(സി) കരാർ ഏറ്റെടുത്ത കമ്പനി താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതായിട്ടുണ്ട്.

1. 4 കിലോമീറ്റർ നീളത്തിലും ശരാശരി 40 മീറ്റർ വീതിയിലും ലോ വാട്ടർ ലെവലിൽ നിന്നും 2.5 മീറ്റർ ഡ്രാഫ്റ്റ് കിട്ടത്തക്ക രീതിയിൽ അവിടെ അടിഞ്ഞ് കൂടിയിട്ടുള്ള സിൽറ്റ് ഉൾപ്പെടെയുള്ള സെഡിമെന്റ്സ് മാറ്റണം.

LIBRARY ARCHIVES Kerala Legislative Assembly

2. ഇങ്ങനെ മാറ്റുന്ന സെഡിമെന്റ്സ് ഒരു ക്യൂബിക് മീറ്ററിന് 203 രൂപ എന്ന നിരക്കിൽ അടയ്ക്കേണ്ടതുണ്ട്.

3. ഇങ്ങനെ ഡ്രഡ്ജ് ചെയ്ത് നീക്കുമ്പോൾ അടുത്തുള്ള കരയ്ക്കോ നിലവിലുള്ള സ്ലൂക്ച്ചുറുകൾക്കോ യാതൊരു രീതിയിലും കേടുപാടുകൾ സംഭവിക്കാൻ പാടില്ല.

4. നിലവിൽ ജലഗതാഗതത്തിന് ഉപയോഗിച്ചുവരുന്ന വഴി ആയതിനാൽ നിലവിൽ ഗതാഗതം നടത്തുന്ന ബോട്ടുകൾക്കോ മറ്റ് വാഹനങ്ങൾക്കോ തടസ്സം വരാത്ത രീതിയിൽ വേണം ഡ്രഡ്ജിംഗ് നടത്തേണ്ടത്.

5. ഡ്രഡ്ജ് ചെയ്ത് കിട്ടുന്ന സെഡിമെന്റ്സ് സൈറ്റിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ വെള്ളത്തിൽ നിക്ഷേപിക്കാൻ പാടില്ലാത്തതാണ്.

6. ഡ്രഡ്ജ് ചെയ്യുന്ന സെഡിമെന്റ്സ് കരാറുകാരന് വ്യാവസായിക അടിസ്ഥാനത്തിൽ വിൽക്കുന്നതിനുവേണ്ടി നീക്കം ചെയ്യാവുന്നതാണ്.

പല കാരണങ്ങളാൽ പ്രവൃത്തിയിൽ തടസ്സം നേരിട്ടതിനാൽ കരാർ കാലാവധി 2016 ജനുവരി 10 വരെ നീട്ടി കൊടുക്കുകയുണ്ടായെങ്കിലും കാലാവധി തീരുന്നതിന് മുമ്പേ പ്രവർത്തനം പൂർത്തീകരിക്കാത്തതുകൊണ്ട് കരാറുകാരനെതിരെ ടെർമിനേഷൻ നോട്ടീസ് ഉൾപ്പെടെയുള്ള നടപടി ക്രമങ്ങൾ എടുത്തുവരികയാണ്.

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ട്. ഖനനം ചെയ്യുന്ന സെഡിമെന്റ്സിൽ വാണിജ്യാടിസ്ഥാനത്തിൽ വേർതിരിച്ചെടുക്കാവുന്ന കരിമണലിന്റെ സാന്നിദ്ധ്യമുണ്ടെന്ന നിർദ്ദേശം പല വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഉയർന്ന സാഹചര്യത്തിൽ അത് തിട്ടപ്പെടുത്താൻ പല ഏജൻസികൾ മുഖേന നടപടി സ്വീകരിച്ചുവന്ന ഘട്ടത്തിൽ കരാറുകാരന് ഏകദേശം 10 മാസംവരെ പ്രവൃത്തി ചെയ്യാൻ തടസ്സം വന്നിട്ടുണ്ട്. നീട്ടി കൊടുത്ത കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ടെർമിനേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും അതിനുശേഷം പുനർലേലം ചെയ്ത് പ്രവൃത്തി പൂർണ്ണതയിൽ എത്തിക്കുന്നതുമാണ്.

GPM. 2/236/2020-37

LIBRARY ARCHIVES Kerala Legislative Assembly